# Malayala Manorma

## 18 June 2018

## Aluva : Manapuram, River over Flow



പെരിയാറിൽ ജലനിരപ്പ് ഉയർന്നതിനെത്തുടർന്നു മുങ്ങിക്കിടക്കുന്ന ശിവരാത്രി മണപ്പുറം.

# ഏഴടിയോളം ജലനിരപ്പുയർന്നു; ശിവരാത്രി മണപ്പുറം മുങ്ങി

**തോട്ടുമുഖം പരുന്തുറാഞ്ചി മണപ്പുറവും പൂർണമായി മുങ്ങി**

ആലുവ ● പെരിയാറിൽ ജലനിരപ്പ് ഏഴടിയോളം ഉയർന്നതോടെ ശിവരാത്രി മണപ്പുറം വെള്ളത്തിൽ മുങ്ങി. മഹാദേവ ക്ഷേത്രത്തിലെ സ്വയംഭൂ വിഗ്രഹം മുങ്ങി ആറാട്ടു നടന്നിട്ടില്ല. ആ പുണ്യമുഹൂർത്തത്തിനു കാത്തിരിക്കുകയാണു ഭക്തജനങ്ങൾ.

കിഴക്കൻ മേഖലയിലെ കനത്ത മഴയും അണക്കെട്ടുകളുടെ ഷട്ടർ തുറന്നതുമാണു പുഴയിൽ ജലനിരപ്പ് ഇത്രയും ഉയരാൻ കാരണം. ഒരടി കൂടി വെള്ളം പൊങ്ങിയാൽ ആറാട്ടു നടക്കും.

കഴിഞ്ഞ വർഷം സെപ്റ്റംബർ 18നാണ് പ്രകൃതി ഭഗവാന് ആറാട്ടൊരുക്കിയത്. ക്ഷേത്രാങ്കണവും നിമജ്ജനക്കടവും കുളിക്കടവുകളുമെല്ലാം വെള്ളത്തിനടിയിലാണ്. ടൂറിസം വികസന പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്ന തോട്ടുമുഖം പരുന്തുറാഞ്ചി മണപ്പുറവും പൂർണമായി മുങ്ങി.

ജലശുദ്ധീകരണശാലയിലേക്ക് ഒഴുകിയെത്തുന്ന വെള്ളത്തിൽ ചെളിയുടെ അളവ് 68 എൻടിയു (നെഫ്ലോമെട്രിക് ടർബിഡിറ്റി യൂണിറ്റ്) ആയി. കഴിഞ്ഞ ദിവസം ഇത് 116 എൻടിയു വരെ എത്തിയിരുന്നു.